പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 188 | 18.03.2013-ൽ മറുപടിയ്ക്ക്

**അതിരപ്പിള്ളി ഫോറസ്റ്റ് റേഞ്ചിലെ വന സംരക്ഷണ സമിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) | |
| എ) | അതിരപ്പിള്ളി ഫോറസ്റ്റ് റേഞ്ചിന്റെ കീഴിൽ എത്ര വനസംരക്ഷണ സമിതികൾ പ്രവർത്തിക്കുന്നുണ്ട്; | എ) | അതിരപ്പിള്ളി ഫോറസ്റ്റ് റേഞ്ചിന്റെ കീഴിൽ മൂന്ന് വനസംരക്ഷണ സമിതികൾ പ്രവർത്തിക്കുന്നുണ്ട്; |
| ബി) | പ്രസ്തുത വനസംരക്ഷണ സമിതികളിൽ എത്ര അംഗങ്ങളാണുള്ളത്; | ബി) | മൂന്ന് വനസംരക്ഷണ സമിതികളിലും കൂടി ആകെ 516 അംഗങ്ങൾ ഉണ്ട്; |
| സി) | അയ്യംപുഴ ഗ്രാമപഞ്ചായത്തിലുള്ളതും അതിരപ്പിള്ളി ഫോറസ്റ്റ് റേഞ്ചിന്റെ കീഴിലുള്ളതുമായ താടിമുടി, കുന്തിര തുടങ്ങിയ വനമേഖലയിൽ ദിവസങ്ങളായി തുടരുന്ന കാട്ടുതീ അണയ്ക്കുന്ന കാര്യത്തിൽ വനം വകുപ്പ് കാണിക്കുന്ന അനാസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | അയ്യംപുഴ ഗ്രാമപഞ്ചായത്ത് ഉൾപ്പെട്ട അതിരപ്പിള്ളി ഫോറസ്റ്റ് റേഞ്ചിലെ എഴാറ്റുമുഖം ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിലുള്ള താടിമുടി പ്രദേശത്ത് 1994 തേക്ക് തോട്ടത്തിൽ 26.02.2013 ന് കാട്ടുതീ പടരുകയും, 15 ഹെക്ടർ അടിക്കാട് കത്തി നശിക്കുകയും ചെയ്തിട്ടുണ്ട്. താടിമുടി — പി.സി.കെ 18 ബ്ലോക്ക് പ്രദേശത്ത് റിസർവ്വ് വനത്തിൽ 27.02.2013 ന് കാട്ടുതീ പടരുകയും 20 ഹെക്ടർ അടിക്കാട് കത്തി നശിക്കുകയും ചെയ്തിട്ടുണ്ട്. താടിമുടി — ചെളിക്കണ്ടം പ്രദേശത്ത് റിസർവ്വ് വനത്തിൽ 28.02.2013 ന് കാട്ടുതീ പടരുകയും 15 ഹെക്ടർ അടിക്കാട് കത്തി നശിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രദേശത്തിന്റെ നിമ്നോന്നത സ്വഭാവവും, ദുർഘടാവസ്ഥയും, ഈ വർഷത്തെ അതി കഠിനമായ വേനലും വരൾച്ചയും, കാട്ടുതീ ശക്തിപ്പെടുന്നതിനും അതുമൂലം കാട്ടുതീ തടയുന്നതിന് തീവ്ര പരിശ്രമം വേണ്ടി വന്നു. വനം വകുപ്പും, വന സംരക്ഷണ സമിതികളും, സമീപവാസികളും ടി കാട്ടുതീ നിയന്ത്രണവിധേയമാക്കുന്നതിനും അണയ്ക്കുന്നതിനും തീവ്രപരിശ്രമം നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ അനാസ്ഥ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| ഡി) | എങ്കിൽ ഇതു പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | ഡി) | കാട്ടുതീ ഉണ്ടായ പ്രദേശങ്ങളിൽ വനം വകുപ്പും, വനസംരക്ഷണ സമിതികളും സമീപവാസികളും സംയുക്തമായി കാട്ടുതീ അണയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. വനമേഖലയിൽ കാട്ടുതീ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമായി ഫയർലൈൻ നിർമ്മാണം, കാടിന്റെ വിവിധ ഭാഗങ്ങളിൽ ചെക്ക് ഡാം , ജലസംഭരണികൾ എന്നിവയുടെ നിർമ്മാണം വന സംരക്ഷണ സമിതികളും വനം വകുപ്പും ചേർന്നുള്ള സ്ക്വാഡ് പ്രവർത്തനം, ഫയർവാച്ചർമാരെ നിയോഗിക്കൽ, ഫയർവാച്ച് ടവർ പ്രവർത്തനക്ഷമമാക്കൽ, വാർത്താവിനിമയ സൗകര്യം മെച്ചപ്പെടുത്തൽ എന്നിവ നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ